(ബി) പ്രസ്തുത റോഡ് നിർമ്മിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പുത്തൻതോട് മൽസ്യബന്ധന ഗ്യാപ്പിലേക്കുള്ള റോഡിനുള്ള സ്ഥലം

1140 [2073] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം പഞ്ചായത്തിൽ പുത്തൻതോട് മൽസ്യബന്ധന ഗ്യാപ്പിലേക്കുള്ള റോഡിനുള്ള സ്ഥലം എടുത്തിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് ഇതുവരെ പണിയാതിരിക്കുന്നതിന് കാരണം എന്ത്;

(സി) മൽസ്യ വ്യവസായ വികസനത്തിൽ അത്യാവശ്യമായ പ്രസ്തുത റോഡ് പണിയാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടി റോഡിനുവേണ്ടി കുമ്പള വില്ലേജിൽ 20.700 സെന്റ് സ്ഥലം റവന്യൂ ഡിപ്പാർട്ടുമെന്റ് പി. ഡബ്ലിയു. ഡി. ക്ക് കൈമാറിയിട്ട് ഏതാണ്ട് ഒരു വർഷം ആയി.

(ബി) ടി റോഡിന്റെ നിർമ്മാണത്തിനായി 1986–87 വർഷത്തിൽ 10,000 (പതിനായിരം രൂപ) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മണ്ണ് പരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു.

(സി) സ്വീകരിക്കും.

പഞ്ചായത്തുകളുടെ പുനഃസംഘടന

1141 [2074] ശ്രീ. ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പഞ്ചായത്തുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം എന്ത്?

ഉത്തരം

(എ, ബി) വില്ലേജുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളെ പുനർ വിഭജനം ചെയ്യുന്ന കാര്യം ആലോചനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly